**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1619** **01-07-2026-ൽ മറുപടിയ്ക്ക്**

**കൺസ്യൂമർ ഫെഡ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡ് ഏതെല്ലാം പദ്ധതികളിലൂടെയാണ് വിപണിയിൽ ഇടപെടലുകൾ നടത്തിയിട്ടുള്ളത്; ഈ പദ്ധതികൾ നടത്തിപ്പിലാക്കിയത് മൂലം സർക്കാരിൽ നിന്ന് ഓരോ പദ്ധതിയിലും ലഭിക്കുവാനുള്ള കുടിശ്ശികത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് ഓണം, വിഷു, ഈസ്റ്റർ, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ വിശേഷ അവസരങ്ങളിൽ പൊതുവിപണിയിൽ നിന്നും 10% മുതൽ 90% വരെ വിലക്കുറവിൽ അവശ്യനിത്യോപയോഗ സാധനങ്ങൾ, മറ്റ് ജനപ്രിയ ഉത്പ്പന്നങ്ങൾ എന്നിവ സർക്കാർ ധനസഹായത്തോടെ നടത്തുന്ന സബ്സിഡി മേളകളിലൂടെ വിപണനം നടത്തി വരുന്നു. ഈ പദ്ധതി നടത്തിയതിലൂടെ 2024-2025 ഓണം വിപണിയിൽ 5,57,95,621/- രൂപയും 2025-2026 ഓണം വിപണിയിൽ 2,30,95,834/-രൂപയും ഉൾപ്പെടെ 7,88,91,455/- രൂപയും സർക്കാരിൽ നിന്നും കൺസ്യൂമർഫെഡിന് ലഭിക്കുവാനുണ്ട്. എന്നാൽ വിപണി ഇടപെടലുകൾ നടത്തിയതിലൂടെ സർക്കാരിൽ നിന്നും അഡ്വാൻസ് ഇനത്തിൽ ലഭിച്ച തുകയിൽ നിന്നും കൺസ്യൂമർഫെഡ് സർക്കാരിലേക്ക് ആകെ 4,26,03,413/-രൂപ തിരികെ നൽകാനുണ്ട്.

അപ്രകാരം സബ്സിഡി ഇനത്തിൽ സർക്കാരിൽ നിന്നും ആകെ ലഭിക്കുവാനുള്ള തുക (78891455 – 42603413) **36288042/-** രൂപയാണ്.

**(ബി)** കൺസ്യൂമർഫെഡിലെ സഞ്ചിത നഷ്ടം എത്ര; ഏതെല്ലാം കൺസ്യൂമർഫെഡ് പദ്ധതികൾ ലാഭത്തിൽ പ്രവർത്തിക്കുന്നു; ഈ പദ്ധതികളിലെ ലാഭം എത്ര;

**മറുപടി:** കൺസ്യൂമർഫെഡിന്റെ സഞ്ചിത നഷ്ടം 599.80 കോടി രൂപയാണ്. ഫെഡറേഷന്റെ വിദേശ മദ്യ വിഭാഗം, നീതി മെഡിക്കൽ സ്കീം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ്, നോട്ട് ബുക്ക് യൂണിറ്റ്, നീതി ഗ്യാസ് വിഭാഗം എന്നിവ ലാഭത്തിൽ പ്രവർത്തിക്കുന്നു. ഓരോ പദ്ധതിയുടെ ലാഭം ചുവടെ ചേർക്കുന്നു.

| കൺസ്യൂമർഫെഡ് വിഭാഗം | ലാഭം (കോടി രൂപയിൽ) |
|---|---|
| വിദേശ മദ്യ വിഭാഗം | 143.75 |

| | |
|---|---|
| നീതി മെഡിക്കൽ സ്കീം | 2.10 |
| ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ് | 1.77 |
| നോട്ടുബുക്ക് യൂണിറ്റ് | 1.64 |
| നീതി ഗ്യാസ് വിഭാഗം | 0.33 |
| **ആകെ** | **149.59** |

**(സി)** വിവിധ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും എത്ര രൂപ ഡെപ്പോസിറ്റായി കൺസ്യൂമർഫെഡ് സ്വീകരിച്ചിട്ടുണ്ട്; കേരള ബാങ്കിൽ നിന്നും എത്ര രൂപ ഓവർ ഡ്രാഫ്റ്റ് ആയി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

**മറുപടി:** വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും 331.61 കോടി രൂപ കൺസ്യൂമർഫെഡ് നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. കേരള ബാങ്കിൽ നിന്നും 243.10 കോടി രൂപ ഓവർ ഡ്രാഫ്റ്റായി സ്വീകരിച്ചിട്ടുണ്ട്.

**(ഡി)** 2026 അധ്യയനവർഷത്തിൽ കേരളത്തിൽ എത്ര രൂപയുടെ ത്രിവേണി നോട്ടുബുക്ക് വിൽപ്പന നടത്തി; കഴിഞ്ഞ വർഷത്തെ നോട്ട് ബുക്ക് വിൽപ്പനയെ അപേക്ഷിച്ച് ഈ തുക കുറവാണോ; എങ്കിൽ കാരണമെന്ത് എന്ന് അറിയിക്കുമോ;

**മറുപടി:** 2026 അധ്യയന വർഷത്തിൽ 2.58 കോടി രൂപയുടെ ത്രിവേണി നോട്ട്ബുക്കുകളാണ് വിൽപന നടത്തിയത്. 2025 അധ്യയന വർഷത്തിലെ നോട്ടുബുക്ക് വിൽപനയെ അപേക്ഷിച്ച് 2026 വർഷത്തിൽ വിൽപന കുറവാണ് വന്നിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വൽകൃത പഠനകുറിപ്പുകൾ ലഭ്യമാകുന്നതും സ്വകാര്യ കമ്പനികളുടെ ഉൽപന്നങ്ങളിലെ ആധുനിക പരസ്യങ്ങൾ വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനവും വിപണന സഹകരണ സംഘങ്ങളുടെ നിസ്സഹരണവും വിൽപനയുടെ കുറവിന് കാരണമായിട്ടുണ്ട്.

**(ഇ)** കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോർ എത്ര; ഇവയുടെ പ്രവർത്തനം ലാഭകരമാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

**മറുപടി:** കൺസ്യൂമർഫെഡ് സംസ്ഥാനത്ത് ഉടനീളമായി ആകെ 70 നീതി മെഡിക്കൽ സ്റ്റോറുകൾ ആണ് നേരിട്ട് നടത്തുന്നത്.

നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ അവശ്യമരുന്നുകൾ എം.ആർ.പി.-യിൽ നിന്ന് 16 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നു. നീതി മെഡിക്കൽ സ്റ്റോറുകൾക്ക് യഥേഷ്ടം മരുന്നുകൾ നൽകുവാൻ കഴിയുംവിധം 12 മെഡിക്കൽ വെയർഹൗസുകൾ കൺസ്യൂമർഫെഡിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ ബ്രാന്റഡ് മരുന്നുകൾ കേന്ദ്രീകൃത സംവിധാനത്തിലൂടെ വാങ്ങൽ നടത്തുക വഴി മെഡിക്കൽ സ്റ്റോറുകൾ ലാഭകരമായി നടത്തുംവിധം മരുന്നുകളുടെ വിൽപ്പന വില നിശ്ചയിക്കുവാൻ കഴിയുന്നു.

പ്രാദേശികമായി ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ, ഒടി.സി. (Over the

Counter) ഉൽപ്പന്നങ്ങൾ തുടങ്ങിയയിനങ്ങളും എം.ആർ.പി.-യിൽ നിന്ന് വളരേയധികം വിലക്കുറച്ച് നൽകികൊണ്ടും ജനങ്ങൾക്ക് സേവനം നൽകി വരുന്നു. ക്യാൻസർ ചികിത്സക്കുള്ള മരുന്നുകൾ മറ്റ് അവശ്യമരുന്നുകൾ എന്നിവ പൊതുമാർക്കറ്റിനേക്കാൾ ഏറെ വിലകുറച്ച് വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(എഫ്)** കൺസ്യൂമർഫെഡിന് ബില്ലിംഗ് സോഫ്റ്റ്‌വെയർ നിർമ്മിച്ച് നൽകാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര രൂപയ്ക്കാണ് ടെൻഡർ നൽകിയത്; എന്നാണ് എഗ്രിമെന്റിൽ ഏർപ്പെട്ടത്; സൊസൈറ്റിക്ക് തുക കൈമാറിയത് എന്നാണ്; എത്ര ഗഡുക്കളായിട്ടാണ് തുക കൈമാറിയത്; സോഫ്റ്റ്‌വെയർ വിജയകരമായി നടപ്പിലാക്കിയതിന് ശേഷമാണോ മുഴുവൻ തുകയും കൈമാറിയിട്ടുള്ളത്; ഇല്ലെങ്കിൽ കാരണം എന്ത്; ഈ സോഫ്റ്റ്‌വെയർ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** കൺസ്യൂമർഫെഡിന് ഇ.ആർ.പി. സോഫ്റ്റ്‌വെയർ നിർമ്മിച്ച് നൽകുന്നതിനായി 6,75,70,830.88/- (ആറു കോടി എഴുപത്തഞ്ചു ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റി മുപ്പത് രൂപ എൺപത്തിയെട്ടു പൈസ മാത്രം) രൂപയ്ക്കാണ് 24/02/2022 ന് ടെൻഡർ നൽകിയത്. 09.04.2022 നാണ് എഗ്രിമെൻറിൽ ഏർപ്പെട്ടത്. വിവിധ കാലയളവിൽ 8 ഗഡുക്കളായി 3,03,14,923/- രൂപ കൈമാറിയിട്ടുണ്ട്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം സോഫ്റ്റ്‌വെയർ ഇംപ്ലിമെൻ്റേഷൻ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറക്കാണ് പേയ്മെൻ്റ് നൽകേണ്ടത്. ഇതുപ്രകാരം പൂർത്തീകരിച്ച ഫേസുകൾക്ക് മാത്രമാണ് പേമെന്റ് നൽകിയിട്ടുള്ളത്. ഈ സോഫ്റ്റ്‌വെയർ ഇപ്പോഴും ഉപയോഗിച്ചു വരുന്നുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനമേഖലകളായ ബിവറേജസ് വിഭാഗം/യൂണിറ്റുകൾ, നീതി മെഡിക്കൽ വിഭാഗം/യൂണിറ്റുകൾ, നീതി ഗ്യാസ് പ്ലാൻ്റ്, ത്രിവേണി സ്റ്റേഷനറി ഡിവിഷൻ/യൂണിറ്റുകൾ, നോട്ട്ബുക്ക് യൂണിറ്റ് കുന്നംകുളം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി, എറണാകുളം റീജിയണിനു കീഴിലുള്ള ത്രിവേണി സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിലാണ് നിലവിൽ E.R.P. (Enterprise Resource Planning) സോഫ്റ്റ്‌വെയർ പൂർത്തീകരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

**(ജി)** എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരളത്തിൽ ആകെയുള്ള 140 നിയമസഭാ മണ്ഡലങ്ങളിൽ 100 മണ്ഡലങ്ങളിലായി ആകെ 160 ത്രിവേണി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പുതിയ ത്രിവേണി സ്റ്റോറുകൾ ആവശ്യമായി വരുന്ന സ്ഥലങ്ങളിൽ പ്രവർത്തന സാധ്യത വിലയിരുത്തിയ ശേഷം സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**